പി.എസ്.സി. വഴിയായി നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ്. ഇതിനാൽ സാമുദായിക സംവരണ വ്യവസ്ഥയിലൂടെ നിയമനം ലഭിക്കുന്നവരുടെ സംഖ്യയിൽ കുറവുണ്ടാകുന്നതല്ല.

വനംവകുപ്പിലെ ദിവസക്കൂലി ജീവനക്കാർ

93 (428) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ചീഫ് കൺസർവേറ്റർ ഓഫീസ് മുതൽ റെയിഞ്ച് ഓഫീസ് വരെ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ തസ്തിക തിരിച്ചും ഓഫീസ് തിരിച്ചുമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സർവ്വീസിൽ തുടരുന്ന ദിവസക്കൂലിക്കാരെ അടിയന്തിരമായി പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ;

(ഡി) വർഷങ്ങളായി ദിവസക്കൂലി അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്ന ജീവനക്കാരെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും സർവ്വീസിൽ തുടരാൻ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

റെയിഞ്ചർമാരുടെ നിയമനം

94 (429) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഒക്ടോബർ മാസത്തിനുശേഷം ഇതുവരെ വനംവകുപ്പിൽ എത്ര റെയിഞ്ചർമാർ പെൻഷൻ പറ്റിയിട്ടുണ്ട്;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്തിയത് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ഡി) റെയിഞ്ചർമാരുടെ കേഡർ സ്ട്രെങ്തിന്റെ 25% വീതം നാല് കാറ്റഗറികൾക്കായി നൽകണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ഇ) എങ്കിൽ ഓരോ കാറ്റഗറിയിലും ജോലി നോക്കിവരുന്ന റെയിഞ്ചർമാർ എത്രവീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 ഒക്ടോബർ മാസത്തിനുശേഷം 30/11/2000 വരെ 21 റെയിഞ്ചർമാർ പെൻഷൻ പറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത 21 ഒഴിവുകളിൽ താഴെപ്പറയുന്ന രീതിയിൽ നിയമനം നടത്തി:

LIBRARY ARCHIVES Kerala Legislative Assembly

1.	പരിശീലനം പൂർത്തിയാക്കിയെത്തിയ റെയിഞ്ചർമാരെ നിയമിച്ചത്	-	13 എണ്ണം
2.	പ്രൊമോഷൻ നൽകി നിയമിച്ചത്	-	3 എണ്ണം
3.	സസ്പെൻഷൻ കഴിഞ്ഞ് വരുന്നവരെ തിരികെ പ്രവേശിപ്പിച്ചത്	-	2 എണ്ണം
4.	അവധിയിൽ കഴിഞ്ഞിരുന്നവർ തിരികെ ജോലിയിൽ ചേർന്നത്	-	2 എണ്ണം
5.	നിലവിലുള്ള ഒഴിവ്	-	1 എണ്ണം
	ആകെ	-	21 എണ്ണം

(സി) ഇല്ല. നിലവിലുള്ള റാങ്ക്ലിസ്റ്റിൽനിന്നും ചട്ടപ്രകാരമുള്ള നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ)

1.	നേരിട്ടുള്ള നിയമനത്തിൽപ്പെട്ടവർ	-	26
2.	ഫോറസ്റ്റ് അപ്രന്റീസ്	-	65
3.	ഫോറസ്റ്റർ തസ്തികയിൽനിന്നും പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടവർ	-	42
4.	പ്രൊമോഷൻ മുഖേന നിയമിക്കപ്പെട്ടവർ	-	65
5.	നിലവിലുള്ള ഒഴിവ്	-	1
	ആകെ	-	199

സംസ്ഥാന വനംവകുപ്പിൽ എഫ്.എൻ.റ്റി.ആർ. കാറ്റഗറിയിൽ നിയമിക്കപ്പെട്ട റെയിഞ്ചർമാർ

95 (430) ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനംവകുപ്പിൽ എഫ്.എൻ.റ്റി.ആർ. കാറ്റഗറിയിൽ നിയമിക്കപ്പെട്ട എത്ര റെയിഞ്ചർമാർ നിലവിലുണ്ട്;

(ബി) സ്പെഷ്യൽ റൂൾസ് പ്രകാരം എഫ്.എൻ.റ്റി.ആർ. കാറ്റഗറിക്ക് അർഹതപ്പെട്ട റെയിഞ്ചർമാരുടെ എണ്ണമെത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കാറ്റഗറിക്ക് അർഹതപ്പെട്ടതിലും കൂടുതലായി നിയമിക്കപ്പെട്ട റെയിഞ്ചർമാരുടെ എണ്ണമെത്ര;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ നിലവിൽവരുന്ന റെയിഞ്ചർമാരുടെ എല്ലാ ഒഴിവുകളും പ്രൊമോഷൻവഴി നികത്തുകയാണെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എഫ്.എൻ.റ്റി.ആർ. കാറ്റഗറിയിൽ 1995 മുതൽ 1999 വരെ ഓരോ വർഷവും ഡിസംബർ മാസത്തിൽ നിലവിലുണ്ടായിരുന്ന റെയിഞ്ചർമാരുടെ എണ്ണമെത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ 65 റെയിഞ്ചർമാർ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly